ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം:-DGE/16810/2026-sports 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 26-09-2026
ഫോൺ:0471 2580 534; supdts.dge@kerala.gov.in

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - സ്പോർട്സ് - 2026 ഗ്രൂപ്പ് V മത്സര ഇനമായ ഹാൻഡ്ബോൾ അണ്ടർ - 14, 17, 19 ആൺ/പെൺ - സംസ്ഥാനതല ചാമ്പ്യൻഷിപ്പ് മലപ്പുറത്ത് വച്ച് നടത്തുന്നത് - സംബന്ധിച്ച്

********************************

68-ാ മത് സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് V മത്സര ഇനമായ **ഹാൻഡ്ബോൾ അണ്ടർ-14, 17, 19 വിഭാഗങ്ങളിലെ ആൺകുട്ടികൾ, പെൺകുട്ടികൾ** - സംസ്ഥാനതല ചാമ്പ്യൻഷിപ്പ് **30.09.2026 മുതൽ 04.10.2026 വരെ തേഞ്ഞിപ്പലം ഹാൻഡ്ബോൾ സ്റ്റേഡിയം, കാലിക്കറ്റ് സർവകലാശാല, മലപ്പുറം** വച്ച് നടത്തുന്നതാണ്. സബ് ജില്ല, റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത താങ്കളുടെ ജില്ലാ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്. https://sports.kite.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടതാണ്. മത്സരങ്ങൾ നടക്കുന്ന സ്ഥലങ്ങളും തീയതിയും താഴെ സൂചിപ്പിക്കുന്നു.

**രജിസ്ട്രേഷൻ സ്ഥലം, മത്സര വേദി, മത്സര തീയതി എന്നിവ ചുവടെ ചേർക്കുന്നു:**

| നം: | മത്സര ഇനം | കാറ്റഗറി | റിപ്പോർട്ടിംഗ് & രജിസ്ട്രേഷൻ തീയതി /സമയം/ സ്ഥലം | മത്സര തീയതി | മത്സര വേദി |
|---|---|---|---|---|---|
| 1 | ഹാൻഡ് ബോൾ | അണ്ടർ 14 ആൺ/പെൺ | 29.09.2026 വൈകുന്നേരം 5 PM (താമസ സ്ഥലം) | 30.09.2026 മുതൽ 01.10.2026 വരെ | കാലിക്കറ്റ് സർവകലാശാല, തേഞ്ഞിപ്പലം ഹാൻഡ്ബോൾ സ്റ്റേഡിയം |
| | | അണ്ടർ 17 ആൺ/പെൺ | 30.09.2026 വൈകുന്നേരം 5 PM (താമസ സ്ഥലം) | 01.10.2026 മുതൽ 02.10.2026 വരെ | |
| | | അണ്ടർ 19 ആൺ/പെൺ | 02.10.2026 വൈകുന്നേരം 5 PM (താമസ സ്ഥലം) | 03.10.2026 മുതൽ 04.10.2026 വരെ | |

**രജിസ്ട്രേഷനുമായി ബന്ധപ്പെടേണ്ട ഫോൺ നം:**

| | |
|---|---|
| ഡോ. സന്ദീപ് എസ്., ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർ | 8848652819 |
| ശ്രീ. ജംഷീർ ബാബു, ആർ.ഡി.എസ്.ജി.എ. സെക്രട്ടറി | 9895335645 |
| മുഹമ്മദ് ആഷിഖ് ഇ. പി. | 9744529395 |

**താമസ സ്ഥലം:**

| ടീമുകൾ | താമസസ്ഥലം | ഫോൺ നമ്പർ |
|---|---|---|
| ആൺകുട്ടികൾ | ജി.എം.എച്ച്.എസ്.എസ്., കാലിക്കറ്റ് സർവകലാശാല ക്യാമ്പസ്, തേഞ്ഞിപ്പാലം | 0494-2400446 |
| പെൺകുട്ടികൾ | സെന്റ് പോൾ ഇ.എം. ഹയർ സെക്കൻഡറി സ്കൂൾ, കോഹിനൂർ, തേഞ്ഞിപ്പാലം | 0494-2400205 |

## നിർദ്ദേശങ്ങൾ

1. സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് V മത്സര ഇനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ:
   - i. https://sports.kite.kerala.gov.inശേഷം ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കേറ്റ് സ്കൂൾ പ്രിൻസിപ്പൽ / പ്രധാനദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്. (1 കോപ്പി)
   - ii. ii. പ്രിൻസിപ്പൽ / പ്രധാനദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത രേഖകൾ ഒന്നും തന്നെ രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.

2. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം ഉറപ്പാക്കുന്നതി ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം മാനേജർമാരെ ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ നിയമിക്കേണ്ടതാണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾ പങ്കെടുക്കുമ്പോൾ അതാത് വിഭാഗത്തിലെ എസ്കോർട്ടിംഗ് ടീച്ചർമാരുടെ സാന്നിധ്യം നിർബന്ധമായി ഉണ്ടായിരിക്കണം.

3. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പെൻ്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാകേണ്ടതാണ്.

4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.

5. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല.

6. അക്കോമഡേഷൻ്റെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്

വിശ്വസ്തതയോടെ

DIRECTORATE OF GENERAL EDUCATION JAGATHY THIRUVANANTHAPURAM 14

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

**സ്വീകർത്താവ് :**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും. (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സർക്കാർ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾക്കും അറിയിപ്പ് നൽകേണ്ടതാണ്)
2. എല്ലാ ആർ.ഡി.ഡി. മാർക്കും (ഹയർ സെക്കണ്ടറി വിഭാഗം) താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സർക്കാർ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾക്കും അറിയിപ്പ് നൽകേണ്ടതാണ്)
3. എല്ലാ ജെ.ഡി. മാർക്കും (വി.എച്ച്.എസ്.ഇ) താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സർക്കാർ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾക്കും അറിയിപ്പ് നൽകേണ്ടതാണ്)
4. എല്ലാ ആർ.ഡി.എസ്.ജി.എ. സെക്രട്ടറി മാർക്കും, കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന) താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ സർക്കാർ എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾക്കും അറിയിപ്പ് നൽകേണ്ടതാണ്)
5. എല്ലാ അസിസ്റ്റന്റ് സ്പോർട്സ് ഓർഗനൈസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർ മുഖേന)